(സി) കോർപ്പറേഷനിൽ നിന്നുമെടുത്ത വായ്പ തിരിച്ചടയ്ക്കാൻ മറ്റു കടങ്ങൾ എടുത്തിട്ടുണ്ടോ എന്ന് അറിയുവാൻ കോർപ്പറേഷന് സംവിധാനമില്ല.

(ഡി) അപ്രകാരം ഒരു സംവിധാനം നിലവിലില്ല.

(ഇ) ഉണ്ട്.

1. പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി.
2. പലിശ ഇളവ്.
3. വായ്പ തിരിച്ചടയ്ക്കുവാനുള്ള കാലാവധി നീട്ടികൊടുക്കൽ.
4. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

(എഫ്) ബാധകമല്ല.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്നിവർക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക

14 [1146] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്നിവർക്കുവേണ്ടി സംസ്ഥാന ഖജനാവിൽനിന്നും കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച മൊത്തം തുക എത്ര കോടിയാണെന്ന് വിശദമാക്കുമോ;

(ബി) ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുകയും യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2001-2002, 2002-2003 എന്നീ സാമ്പത്തിക വർഷങ്ങളിലായി മൊത്തം 221.66 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2003-2004 സാമ്പത്തിക വർഷം താൽക്കാലിക കണക്കുപ്രകാരം 135.08 കോടി രൂപയും ചെലവായിട്ടുണ്ട്.

(ബി)

വർഷം	*ബജറ്റിൽ വകയിരുത്തിയ തുക (ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെ)*	*യഥാർത്ഥത്തിൽ ചെലവഴിച്ച തുക*
		(തുക കോടിയിൽ)
2001-2002	128.35	94.60
2002-2003	139.87	127.06
2003-2004	295.28	135.08

*താൽക്കാലിക കണക്കുകൾപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly